**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം.3315.**

**19/06/2019 -ൽ മറുപടിക്ക്**

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ഫ്രെയിം വർക്ക് മാതൃക**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കേന്ദ്ര മാനവശേഷി മന്ത്രാലയം നടപ്പിലാക്കിയ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ഫ്രെയിം വർക്ക് മാതൃകയിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് സംവിധാനം (സാക്) നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ എപ്രകാരമാണ് നടപ്പിലാക്കുക എന്നതിന്റെ വിശദാംശം നൽകുമോ; | (എ) | കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിലയിരുത്തലിനും ഗ്രേഡിംഗിനും സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (സാക്) ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും സംബന്ധിക്കുന്ന സമഗ്ര വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേയും നടത്തുന്നുണ്ട്. SAAC വിലയിരുത്തലിലൂടെയും ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേയിലൂടെയും ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും സ്ഥാപനങ്ങളെ കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിൽ റാങ്ക് ചെയ്യുക. |
| (ബി) | ഏതൊക്കെ കാര്യങ്ങൾ പരിഗണിച്ചാണ് സാക് ഇപ്രകാരം ഒരു ഗ്രേഡിംഗ് നൽകുന്നത്; | (ബി) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിലയിരുത്തുന്ന ദേശീയതല ഏജൻസിയായ NAAC ന്റെ മാനദണ്ഡങ്ങൾക്കു പുറമെ സംസ്ഥാന സംബന്ധിയായ മാനദണ്ഡങ്ങൾക്ക് കൂടി വിധേയമായാണ് SAAC സ്ഥാപനങ്ങളെ വിലയിരുത്തുകയും ഗ്രേഡ് ചെയ്യുകയും ചെയ്യുക. |
| (സി) | ക്യാമ്പസ്സിൽ അനുവദിച്ചിട്ടുള്ള വിദ്യാർത്ഥി സംഘടനാ സ്വാതന്ത്ര്യവും വിദ്യാർത്ഥി യൂണിയൻ പ്രവർത്തനവും സംസ്ഥാനതല ഗ്രേഡിംഗിന് പരിഗണിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**